**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1006** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതു വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കല്ലട്ര മാഹിൻ

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. ഫൈസൽ ബാബു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൊതു വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. പൊതു വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതിനുള്ള കാരണങ്ങളും കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണവും **അനുബന്ധം 1 ആയി ചേർക്കുന്നു.**

**(ബി)** പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പഠനപോഷണ പരിപാടികൾ **അനുബന്ധം 2 ആയി ചേർക്കുന്നു.**

**(സി)** അധ്യാപക പരിശീലനം മികവുറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** 'ടീച്ചർ പ്രൊഫഷണലിസം' എന്ന ആശയത്തെ മുന്നിൽ നിർത്തി സംസ്ഥാനത്തെ ഇൻ സർവ്വീസ് അധ്യാപക പരിശീലനം പരിഷ്കരിക്കാൻ ആലോചിക്കുന്നു. ഇതിനായി നിലവിലെ പരിശീലന പരിപാടികളായ വേനൽ അവധിക്കാല പരിശീലന പരിപാടി, സർവ്വീസിൽ പുതുതായി പ്രവേശിച്ച അധ്യാപകർക്കുള്ള പരിശീലന പരിപാടി, HSSTTP ഹയർസെക്കൻഡറി അധ്യാപക പരിശീലന പരിപാടി, സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കായുള്ള പരിശീലന പരിപാടി, കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പരിശീലന പരിപാടി, പ്രീപ്രൈമറി അധ്യാപകർക്കുള്ള പരിശീലന പരിപാടി ഉടങ്ങിയവയെല്ലാം തന്നെ കാലാനുസൃതമായി പരിഷ്കരിക്കാൻ ആലോചിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

| ക്രമ നമ്പർ | കൊഴിഞ്ഞു പോകുന്നതിനുള്ള കാരണം | കുട്ടികളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | അന്തർസംസ്ഥാന തൊഴിലാളികളുടെ മക്കളായതിനാൽ | 1070 | 36.72% |
| 2 | പഠനത്തോടുള്ള താല്പര്യമില്ലായ്മ | 704 | 24.16% |
| 3 | അന്യസംസ്ഥാനങ്ങളിലേയ്ക്കോ അന്യരാജ്യങ്ങളിലേയ്ക്കോ ഉള്ള താമസസ്ഥലംമാറ്റം | 213 | 7.31% |
| 4 | പ്രശ്നബാധിത കുടുംബ പശ്ചാത്തലം | 174 | 5.97% |
| 5 | വിട്ടുമാറാത്ത രോഗം, ഹോസ്പിറ്റൽ കേസുകൾ, ആക്സിഡന്റ് | 163 | 5.59% |
| 6 | മതപഠനത്തിന് മുൻഗണന നൽകുന്നതിനാൽ | 103 | 3.53% |
| 7 | വിദ്യാഭ്യാസത്തോടുള്ള മാതാപിതാക്കളുടെ നിഷേധാത്മക മനോഭാവം | 78 | 2.68% |
| 8 | കുടുംബത്തിന്റെ മോശം സാമ്പത്തിക അവസ്ഥ | 43 | 1.48% |
| 9 | മൊബൈൽ ഫോൺ ആസക്തി | 33 | 113% |
| 10 | താമസസ്ഥലംമാറ്റം | 32 | 1.10% |
| 11 | സ്കൂളിലേക്കുള്ള വലിയ ദൂരം | 29 | 1.00% |
| 12 | അന്യരാജ്യ തൊഴിലാളികളുടെ മക്കളായതിനാൽ | 27 | 0.93% |
| 13 | മാനസിക/ശാരീരിക വെല്ലുവിളികൾ | 19 | 0.65% |
| 14 | ഉത്സവ സീസൺ കഴിഞ്ഞ് സ്കൂളിൽ പോകാൻ വിദ്യാർഥികൾക്ക് ഉണ്ടാകുന്ന താൽപര്യകുറവ് | 11 | 0.38% |
| 15 | യാത്രാ സൗകര്യങ്ങളുടെ അഭാവം | 10 | 0.34% |
| 16 | പോലീസ് കേസുകൾ | 8 | 0.27% |
| 17 | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം | 7 | 0.24% |
| 18 | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ/ ചെറുപ്രായത്തിലുള്ള വിവാഹം | 4 | 0.14% |
| 19 | മറ്റുള്ളവ | 186 | 6.38% |
| | ആകെ | 2914 | 100% |

2024-25 അധ്യയന വർഷം സർക്കാർ സിലബസ് സ്കൂളുകളിൽ നിന്നും ആകെ 2914 കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇതിൽ 36.65% (1068 കുട്ടികൾ) കുട്ടികളും അന്തർ സംസ്ഥാന തൊഴിലാളികളുടെ മക്കളാണ്. മാതാപിതാക്കളോടൊപ്പം തിരികെ സ്വന്തം നാട്ടിൽ പോയതിനാലോ, മാതാപിതാക്കളുടെ ജോലിസ്ഥലം മാറിയതിനാലോ കുട്ടികൾ പഠനം ഉപേക്ഷിച്ചിരിക്കുന്നത്. ആസ്സാം. വെസ്റ്റ് ബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, തമിഴ്നാട്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഇവരിൽ ഏറിയപങ്കം. ഇത്തരത്തിൽ കൊഴിഞ്ഞുപോയ ആകെ കുട്ടികളിൽ 36.5% കുട്ടികളും (390 കുട്ടികൾ) എറണാകുളം ജില്ലയിൽ നിന്നുമാണ് പോയിരിക്കുന്നത്. രണ്ടാമത് മലപ്പുറം ജില്ലയും (169 കുട്ടികൾ), മൂന്നാമത് ഇടുക്കി ജില്ലയുമാണുള്ളത് (127 കുട്ടികൾ). കൂടാതെ 29 കുട്ടികൾ അന്യരാജ്യതൊഴിലാളികളുടെ മക്കളാണ്. മാതൃരാജ്യത്തേയ്ക്ക് തിരികെ പോയതിനാലാണ് ഇവർ പഠനം ഉപേക്ഷിച്ചത്. ഇതിൽ 27 കുട്ടികൾ നേപ്പാളിൽ നിന്നുള്ളവരും, 2 കുട്ടികൾ ബംഗ്ലാദേശിൽ നിന്നുള്ളവരുമാണ്.

പഠനത്തോടുള്ള താൽപര്യകുറവ് മൂലം കൊഴിഞ്ഞുപോയിരിക്കുന്നത് 704 കുട്ടികളാണ്. ഇവരിൽ 42.19% കുട്ടികളും (297 കുട്ടികൾ) വയനാട് ജില്ലയിൽ നിന്നുള്ളവരാണ്. വയനാട് ജില്ലയിൽ 8, 9, 10 ക്ലാസുകളിലായി യഥാക്രമം 48, 104, 114 കുട്ടികളാണ് പഠനത്തോട് താൽപര്യമില്ലാത്തതിനാൽ കൊഴിഞ്ഞുപോയിരിക്കുന്നത്. രണ്ടാമതായി പാലക്കാട് ജില്ലയും (92 കുട്ടികൾ), മൂന്നാമതായി തൃശ്ശൂർ ജില്ലയും (60 കുട്ടികൾ), നാലാമതായി കണ്ണൂർ ജില്ലയും (55 കുട്ടികൾ) ആണ്.

## അനുബന്ധം 1

1. മലയാളത്തിളക്കം
2. ഹലോ ഇംഗ്ലീഷ്
3. സുരീലിഹിന്ദി
4. അഹ്ലൻ അറബിക്
5. സംസ്കൃതമാധുരി
6. പ്യാരിഉറുദു
7. വായനക്കൂട്ടം- എഴുത്തുക്കൂട്ടം
8. വായനാവസന്തം
9. ഗണിതവിജയം
10. ഉല്ലാസഗണിതം
11. ഗണിതകിറ്റ്
12. ശാസ്ത്രകിറ്റ്
13. സ്കൂൾവെതർ സ്റ്റേഷൻ
14. ടിങ്കറിംഗ് ലാബ്
15. ശാസ്ത്രപാർക്ക്
16. ക്രിയേറ്റീവ് കോർണർ
17. സചിത്രപുസ്തകം
18. സംയുക്തഡയറി
19. സർഗാത്മക ഡയറി
20. മഞ്ചാടി
21. ശാസ്ത്രകൗതുകം
22. ഭാഷോത്സവം
23. കുഞ്ഞുവായന
24. ശാസ്ത്രപഥം

കൂടാതെ ഓരോ കുട്ടിയും ഓരോ ക്ലാസിലും നേടേണ്ട അടിസ്ഥാന ശേഷികൾ നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. എല്ലാ 3 കുട്ടികളും ക്ലാസ് പൂർത്തിയാകുമ്പോൾ തന്നെ അടിസ്ഥാനശേഷികൾ (Functional Literacy & Numeracy) നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആലോചനയിലാണ്. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ ഏകോപനത്തിലൂടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് സമഗ്രശിക്ഷാ കേരളം വഴിയും സാങ്കേതികവിദ്യയിൽ കുട്ടികൾക്ക് പ്രാവീണ്യം നേടുന്നതിനായി കൈറ്റിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ വികസിപ്പിക്കുകയും ചെയ്യും. പഠന നിലവാരം ഉയർത്തുന്നതിന് അധ്യാപകരുടെ ശാക്തീകരണ പരിപാടികളും അനിവാര്യമാണ്.

21 ആം നൂറ്റാണ്ടിന്റെ ശേഷികളായി ലോകരാജ്യങ്ങൾ എല്ലാം ഇന്ന് അംഗീകരിക്കുന്ന Creativity, Critical thinking, Communication, Collaborative learning a മൂല്യനിർണയം സമഗ്രമായി പരിഷ്കരിക്കുന്നതും പരിഗണനയിലാണ്. കേവലം ഓർമ്മ പരിശോധന എന്നതിൽ നിന്നും മാറി competency based question papers എന്ന ആശയത്തിലേക്ക് മാറിയാൽ മാത്രമെ ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയൂ. ഇത്തരം പരിഷ്കരണ പരിപാടികളും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്.